# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2017 - 05/12/2018 -ലെ മറുപടിക്ക്

### പ്രളയാനന്തര പുനർ നിർമ്മാണങ്ങൾക്ക് ലോകബാങ്ക് ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനൂപ് ജേക്കബ് | പിണറായി വിജയൻ<br>(മുഖ്യ മന്ത്രി) |

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | പ്രളയാനന്തര പുനർ നിർമ്മാണങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിലേക്കായി സംസ്ഥാന സർക്കാർ ലോക ബാങ്കുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നിർദ്ദേശങ്ങളാണ് ലോകബാങ്ക് പ്രതിനിധികൾ മുന്നോട്ട് വച്ചത്; പ്രസ്തുത നിർദ്ദേശങ്ങളോടുള്ള സർക്കാരിന്റെ നിലപാട് എന്താണ്; വ്യക്തമാക്കുമോ; | സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനാവശ്യമായ വായ്പ സമാഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ ലോകബാങ്ക്, എ.ഡി.ബി പ്രതിനിധികളുമായി ചർച്ച നടത്തി വരികയാണ്. വായ്പ തുക, പലിശ നിരക്ക് എന്നിവ സംബന്ധിച്ച് തീരുമാനങ്ങളൊന്നുമായിട്ടില്ല. നിലവിൽ ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് അനുവദിക്കണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്മേൽ തുടർനടപടികൾ കൈക്കൊള്ളുവാൻ കേന്ദ്ര സർക്കാർ ലോകബാങ്കിനോട് ശുപാർശ ചെയ്തിട്ടുണ്ട്. ലോകബാങ്ക്, എ.ഡി.ബി ഉൾപ്പെടെയുള്ള വിവിധ സ്രോതസ്സുകളിൽ നിന്നും സമാഹരിക്കാനുദ്ദേശിക്കുന്ന ഫണ്ടുകൾ പി.ഡബ്ല്യു.ഡി റോഡുകൾ എൽ.എസ്.ജി.ഐ റോഡുകൾ & സാനിട്ടേഷൻ, വാട്ടർ സപ്ലൈ, ഫ്ലഡ് പ്രൊട്ടക്ഷൻ & ഇറിഗേഷൻ, കോസ്റ്റൽ പ്രൊട്ടക്ഷൻ & റീ സെറ്റിൽമെന്റ്, പബ്ലിക് |
| ബി | പ്രസ്തുത ചർച്ചയിൽ എത്ര കോടി രൂപയുടെ ധനസഹായമാണ് ലോകബാങ്ക് വാഗ്ദാനം ചെയ്തത് എന്ന് അറിയിക്കുമോ; | |
| സി | ലോകബാങ്ക് സഹായം ലഭിക്കുന്ന പക്ഷം ആയത് സ്വീകരിച്ച് ഏതൊക്കെ മേഖലകളിൽ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | |

| | | |
|---|---|---|
| | | ബിൽഡിംഗുകൾ, ആരോഗ്യം, ബയോഡൈവേർസിറ്റി & നാച്ചറൽ എൻവയോൺമെന്റ് എന്നീ മേഖലകളിൽ ചെലവഴിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ